# Deepika

## 20 July 2018

## Cheruthonni Dam, Water Level

# പത്തടി വെള്ളംകൂടി ഉയർന്നാൽ ചെറുതോണി അണക്കെട്ടിന്റെ ഷട്ടറുകൾ തുറക്കും

**ചെറുതോണി:** ഇടുക്കി പദ്ധതി പ്രദേശത്ത് കനത്ത മഴ തുടരുന്നതിനാൽ ഡാമിൽ പത്തടി വെള്ളം കൂടി ഉയർന്നാൽ ഇടുക്കി പദ്ധതിയുടെ ഭാഗമായ ചെറുതോണി അണക്കെട്ടു തുറക്കാനുള്ള നടപടികളാരംഭിക്കും.

ഇന്നലെ 47 മില്ലിമീറ്റർ മഴയാണ് അണക്കെട്ടിന്റെ വൃഷ്ടി പ്രദേശത്തു ലഭിച്ചത്. ജലനിരപ്പ് 2403 അടിയാകുമ്പോഴാണ് അണക്കെട്ടു തുറക്കേണ്ടതെങ്കിലും നീരൊഴുക്ക് ശക്തമായതിനാൽ 2401 അടിയിലെത്തിയാൽ ഷട്ടറുകളുയർത്താനാണ് സാധ്യത. ജലനിരപ്പ് 2390 അടി കഴിയുമ്പോൾ അണക്കെട്ടു തുറക്കുന്നതിനുള്ള പ്രാരംഭ നടപടികളാരംഭിക്കും. ഷട്ടറുകളുയർത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കും. റവന്യു വകുപ്പുമായി ആലോചിച്ച് ആവശ്യമായനടപടി സ്വീകരിക്കും. പെരിയാർ തീരവാസികൾക്ക് ജാഗ്രതാ മുന്നറിയിപ്പും നല്കും.

എന്നാൽ ജലനിരപ്പ് ഉയരുന്നത് ക്രമീകരിക്കാൻ കൂടുതൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനാണ് ബോർഡ് നീക്കം നടത്തുന്നത്. അണക്കെട്ട് തുറന്നുവിട്ട് വെള്ളം ഒഴുക്കിക്കളയാനുള്ള സാധ്യതകൾ പരമാവധി ഒഴിവാക്കാനാണ് വൈദ്യുതിവകുപ്പിന്റെ ശ്രമം. ഈ വർഷകാലത്തെ ഏറ്റവും കൂടുതൽ വൈദ്യുതി ഉത്പാദനം നടന്നത് ഇന്നലെയാണ്. 7.452 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് മൂലമറ്റത്ത് ഉത്പാദിപ്പിച്ചത്. 24 മണിക്കൂറിനിടെ 2.26 അടിവെള്ളമാണ് അണക്കെട്ടിൽ വർധിച്ചത്.

2380.48 അടിയാണ് ഇന്നലത്തെ ജലനിരപ്പ്. പരമാവധി സംഭരണശേഷിയുടെ 75.39 ശതമാനം വെള്ളം അണക്കെട്ടിലുണ്ട്. ഇന്നലെ ഉച്ചകഴിഞ്ഞ് മൂന്നോടെ മഴ വീണ്ടും ശക്തിപ്രാപിച്ചു. കാലവർഷം ശക്തമായി തുടർന്നാൽ അടുത്ത ദിവസങ്ങളിൽ അണക്കെട്ടു തുറക്കാനുള്ള നടപടികൾ തുടങ്ങും.